**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2768** **14-09-2023 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ വ്യവസായ സംരംഭം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനായി നിലവിലെ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷം സർക്കാർ നടപ്പാക്കിയ ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ബി.ടെക്/എംബിഎ വിദ്യാഭ്യാസ യോഗ്യതയുള്ള ഇന്റേൺസിനെ നിയമിക്കുകയും പഞ്ചായത്തുകളിൽ ഹെല്പ് ഡെസ്കുകൾ സ്ഥാപിക്കുകയും ചെയ്തു. അതു വഴി സംരംഭകർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും തത്സമയം തന്നെ ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്. ഹെല്പ് ഡെസ്ക് സേവനങ്ങളെ പറ്റി ഗ്രാമസഭകൾ വഴി ബോധവത്കരണം നടത്തിയിട്ടുണ്ട്. കൂടാതെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും പൊതു ബോധവൽക്കരണ പരിപാടികൾ (GOT) , ലോൺ- സബ്സിഡി മേളകൾ എന്നിവ സംഘടിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്തുകളിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. താലൂക്ക് തലത്തിലും ബോധവൽക്കരണ പരിപാടികൾ നടത്തുകയുണ്ടായി. മണ്ഡലത്തിലെ സംരംഭകരെ കൂടി ഉൾപ്പെടുത്തി ഗുരുവായൂർ മുൻസിപ്പാലിറ്റിയിൽ താലൂക്ക്തല എക്സിബിഷൻ നടത്തി സംരംഭങ്ങൾക്ക് വിപണന സഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുവഴി കൂടുതൽ സംരംഭകരെ സൂക്ഷ്മ- ചെറുകിട-ഇടത്തരം സംരംഭ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും സാധിച്ചു.<br><br>കൂടാതെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന മാർജിൻ മണി ഗ്രാൻറ് ടു നാനോ യൂണിറ്റ്സ്, നാനോ സംരംഭങ്ങൾക്കുള്ള പലിശ ഇളവ് പദ്ധതി, സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP), സംരംഭക സഹായ പദ്ധതി (ESS) തുടങ്ങിയ വിവിധ |

| | | | |
|---|---|---|---|
| | | | ധനസഹായ പദ്ധതികളിലൂടെയും സംരംഭകർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് |
| (ബി) | മേൽ സൂചിപ്പിച്ച കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു; ആയതിലൂടെ എത്ര പേർക്ക് തൊഴിൽ നൽകി;വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ മണലൂർ നിയോജക മണ്ഡലത്തിൽ 1485 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു. ആയതിലൂടെ 2335 പേർക്ക് തൊഴിൽ ലഭ്യമായി. |

സെക്ഷൻ ഓഫീസർ